GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Press Release

PR.37/2026 21.02.2026

**അഗ്രിറൂറൽ ഐഡിയത്തോൺ 2026' ഫെബ്രുവരി 27-ന് വെള്ളായണി കാർഷിക കോളേജിൽ**

തിരുവനന്തപുരം: കാർഷിക മേഖലയിലെ പുതുമയാർന്ന ആശയങ്ങൾക്കും ഗ്രാമവികസനത്തിന് സാങ്കേതിക പിന്തുണ നൽകുന്നതിനുമായി കെ-അഗ്ടെക് ലോഞ്ച്പാഡ് സംഘടിപ്പിക്കുന്ന 'അഗ്രിറൂറൽ ഐഡിയത്തോൺ 2026' ഫെബ്രുവരി 27-ന് വെള്ളായണി കാർഷിക കോളേജിൽ നടക്കും.

കൃഷിയിലും ഗ്രാമവികസനത്തിലും സാങ്കേതികവിദ്യയും പാരമ്പര്യവും സംയോജിപ്പിക്കുന്ന നവീന ആശയങ്ങൾ കണ്ടെത്തുക എന്നതാണ് ഐഡിയത്തോണിന്റെ പ്രധാന ലക്ഷ്യം. നെക്സ്റ്റ്ജെൻ അഗ്ടെക് ഇന്നൊവേഷൻസ്, കമ്മ്യൂണിറ്റി-സെന്റ്റിക് റൂറൽ സൊല്യൂഷൻസ്, ക്ലൈമറ്റ് ആക്ഷൻ ഫോർ ഫാംസ് ആൻഡ് വില്ലേജ്സ് എന്നീ വിഷയങ്ങളിൽ കേന്ദ്രീകരിച്ചായിരിക്കും പരിപാടി.

പങ്കെടുക്കുന്നവർക്ക് അവരുടെ ആശയങ്ങൾ വിദഗ്ധർക്ക് മുന്നിൽ അവതരിപ്പിക്കാനും മാർഗനിർദേശം നേടാനും അവസരം ലഭിക്കും. മികച്ച ആശയങ്ങൾ അവതരിപ്പിക്കുന്ന മൂന്ന് ടീമുകൾക്ക് സ്റ്റാർട്ടപ്പ് ഇൻകുബേഷൻ പിന്തുണ നൽകും. കൂടാതെ ഒന്നാം, രണ്ടാം, മൂന്നാം സ്ഥാനങ്ങൾ നേടുന്ന ടീമുകൾക്ക് യഥാക്രമം ₹10,000, ₹7,500, ₹5,000 രൂപ വീതം പാരിതോഷികവും നൽകും.

കോളേജ് വിദ്യാർത്ഥികൾക്കും 45 വയസ്സിന് താഴെയുള്ള യുവതി-യുവാക്കൾക്കും പങ്കെടുക്കാം. വിശദ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ **9995624888.** താൽപര്യമുള്ളവർ https://www.kagtechlaunchpad.com/#ideathon-2026 എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാവുന്നതാണ്.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**